**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 370** **23-08-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 8/11/2021 ലെ 2225/2021 ലെ ഉത്തരവിൽ 2018, 2019 പ്രളയത്തിൽ അറുപത് ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവിന് ബാക്കി തുക നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് 2018-19 പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നിരക്ക് പ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകികൊണ്ട് 08.11.2021-ലെ സ.ഉ. (സാധാ) 2225/2021/ തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടം ഉണ്ടായ ഭവനത്തിന് എസ്.ഡി.ആർ.എഫ്-ൽ നിന്നും സി.എം.ഡി.ആർ.എഫ്-ൽ നിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4 ലക്ഷം രൂപയും 60 മുതൽ 74 ശതമാനം വരെ നാശനഷ്ടം ഉണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) എസ്.ഡി.ആർ..എഫ്-ൽ നിന്നും സി.എം.ഡി.ആർ.എഫ്-ൽ നിന്നും ആകെ 2.5 ലക്ഷം രൂപ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയാത്ത കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീട് നിർമ്മിതിയ്ക്കായി ബാക്കിവരുന്ന തുക 1.5 ലക്ഷം രൂപ വരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ധനസഹായം നൽകേണ്ടതില്ലായെന്നും എന്നാൽ 2018-19 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ എസ്.ഡി.ആർ.എഫ്. , സി.എം. ഡി.ആർ.എഫ്-ൽ നിന്നോ മറ്റ് വിധത്തിലോ ധനസഹായം ലഭിച്ചിട്ടി ല്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് ലൈഫ് |

| | | | |
|---|---|---|---|
| | | | നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണ് എന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പ്രളയ സഹായം ലഭിച്ചതിന്റെ പേരിൽ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ബാക്കി തുക ലഭിക്കാതിരുന്ന ലൈഫ് ഫേസ് 2 അഡീഷണൽ എസ്.പി/ ഫിഷറീസ് ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ലൈഫ് രണ്ടാം ഘട്ടത്തിലേയും പട്ടികജാതി/ പട്ടിക വർഗ്ഗ/ഫിഷറീസ് അഡീഷണൽ ലിസ്റ്റിലേയും അർഹരായ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള സംസ്ഥാന വിഹിതവും വായ്പ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നുണ്ട്. പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നിരക്ക് പ്രകാരം ധനസഹായം അനുവദിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതിയും വ്യക്തതയും വരുത്തികൊണ്ടാണ് 08.11.2021-ലെ സ.ഉ. (സാധാ) നം. 2225/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ